# സ്റ്റാന്റിങ് ഓർഡേഴ്സ് സർട്ടിഫൈ ചെയ്യാൻ നടപടിയെടുത്തില്ല: മുഴുവൻ അപ്രന്റീസുമാരുടെ പേരിലും വിഹിതമടയ്ക്കണം

## മദ്രാസ് ഹൈക്കോടതി

W.P. No. 22916/2005 Dt. 16.12.2019

ചെസ്ലിന്റ് ടെക്സ്റ്റൈൽസ് ലിമിറ്റഡ്
x
എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ

പരുത്തി നൂൽ ഉല്പാദകരാണ് ചെസ്ലിന്റ് ടെക്സ്റ്റൈൽസ് എന്ന കമ്പനി. 1994-ലാണ് ഉല്പാദനം തുടങ്ങിയത് നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണെങ്കിലും മൂന്ന് വർഷത്തെ ശൈശവ ദശയുടെ ആനുകൂല്യമനുസരിച്ച് 1997 വരെ മേനേജ്മെന്റ് ഇ.പി.എഫ്. വിഹിതം അടച്ചില്ല. ഫാക്ടറിയിൽ 56 സ്ഥിരം തൊഴിലാളികളും 200 അപ്രന്റീസുമാരുമാണ് ജോലി ചെയ്യുന്നത്. ഫാക്ടറിയുടെ സ്റ്റാന്റിങ് ഓർഡേഴ്സ് തയ്യാറാക്കിയ മേനേജ്മെന്റ് അത് സർട്ടിഫൈ ചെയ്തു കിട്ടുന്നതിനുവേണ്ടി ബന്ധപ്പെട്ട അധികാരിയുടെ മുമ്പാകെ സമർപ്പിച്ചെങ്കിലും തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി യാതൊന്നും ചെയ്തില്ല. അപ്രകാരമിരിക്കെ എൻഫോഴ്സ്മെന്റ് ഓഫീസർ ഫാക്ടറിയിൽ പരിശോധന നടത്തി. അവിടെ മൊത്തം 256 പേർ ജോലി ചെയ്യുന്നുണ്ടെന്നും സ്റ്റാന്റിങ് ഓർഡേഴ്സ് സർട്ടിഫൈ ചെയ്ത് വാങ്ങിയിട്ടില്ലെന്നും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. ആ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇ.പി.എഫ്. കമ്മീഷണർ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം ആരംഭിച്ചു. 56 തൊഴിലാളികൾ മാത്രമാണ് ഫാക്ടറിയിൽ ജോലി ചെയ്യുന്നതെന്നും ബാക്കിയുള്ള 200 പേർ അപ്രന്റീസുമാരാണെന്നും അവർക്ക് ഇ.പി.എഫ്. നിയമം ബാധകമല്ലെന്നും മറ്റും മേനേജ്മെന്റ് ഇ.പി.എഫ്. കമ്മീഷണറെ അറിയിച്ചു. എങ്കിലും 1997 മുതൽ 256 തൊഴിലാളികളുടെ പേരിലും വിഹിതമടയ്ക്കണമെന്ന് വിധിച്ച കമ്മീഷണർ സ്ഥാപനം കുടിശികയായി ഏഴര ലക്ഷത്തിലധികം രൂപ അടയ്ക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. ആകെയുള്ള തൊഴിലാളികളിൽ 200 പേർ പരിശീലന പദ്ധതിയുടെ കീഴിൽ നിയമിക്കപ്പെട്ട അപ്രന്റീസുമാരാണെന്ന് കമ്പനി വാദിച്ചു. ഇതു മുഖവിലയ്ക്കെടുത്ത ട്രൈബ്യൂണൽ കേസ് പുനർവിചാരണയ്ക്കായി ഇ.പി.എഫ്. കമ്മീഷണർക്ക് തിരിച്ചയച്ചു. കേസ് വീണ്ടും പരിഗണിച്ച കമ്മീഷണർ ആദ്യത്തെ ഉത്തരവ് തന്നെ വീണ്ടും പുറപ്പെടുവിച്ചു. ഇതിനെതിരെ സമർപ്പിച്ച അപ്പീലും തള്ളപ്പെട്ടതിനാൽ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സ്ഥാപനത്തിന് സർട്ടിഫൈഡ് സ്റ്റാന്റിങ് ഓർഡേഴ്സ് ഇല്ലെന്നും 256 പേരെയും സാധാരണ തൊഴിലാളികളായി മാത്രമേ കണക്കാക്കാനാവൂ എന്നും ഇ.പി.എഫ്. കമ്മീഷണർ വാദിച്ചു. കരട് സ്റ്റാന്റിങ് ഓർഡേഴ്സ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്നും അത് ലഭിക്കുന്നതുവരെ മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സ് ബാധകമാണെന്നും മേനേജ്മെന്റ് വാദിച്ചു. ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങി ആറ് മാസത്തിനുള്ളിൽ കരട് സ്റ്റാന്റിങ് ഓർഡേഴ്സ് സമർപ്പിച്ചവർക്ക് മാത്രമേ മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സിന്റെ ആനുകൂല്യം ലഭിക്കൂ എന്ന് ഇ.പി.എഫ്. കമ്മീഷണർ ചൂണ്ടിക്കാട്ടി. ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങി ആറ് മാസത്തിനുള്ളിൽ കരട് സ്റ്റാന്റിങ് ഓർഡേഴ്സ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ലാത്തതിനാൽ സ്ഥാപനത്തിന് മാതൃകാ സ്റ്റാന്റിങ് ഓർഡേഴ്സിന്റെ ആനുകൂല്യം ലഭിക്കില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ഫാക്ടറി 256 തൊഴിലാളികളുടെ പേരിലും വിഹിതമടയ്ക്കണമെന്ന് വിധിക്കുകയും മേനേജ്മെന്റിന്റെ റിട്ട് ഹർജി തള്ളിക്കളയുകയും ചെയ്തു.